Janayugom 09-08-18, P-3

# മണ്ണിലെ അമ്ലാംശം വർധിക്കുന്നു: വയനാട്ടിലെ കാർഷികമേഖല പ്രതിസന്ധിയിലേക്ക്

**ജോമോൻ ജോസഫ്**

കൽപറ്റ: മണ്ണിൽ അമ്ലത്തിന്റെ(അസിഡിറ്റി) അളവ് ക്രമാതീതമായി വർധിക്കുന്നത് ജില്ലയിലെ കാർഷിക മേഖലയിലെ പ്രതിസന്ധി കുടുതൽ രുക്ഷമാക്കുന്നു. മണ്ണിൽ ആവശ്യമായതിലും കുടുതൽ ഉപ്പുരസം കണ്ടുവരുന്നത് മണ്ണിന്റെ സ്വാഭാവിക ഘടനയെ ബാധിക്കുമെന്നും ഇത് പ്രകൃതിക്ക് കനത്ത ആഘാതമാവുമെന്നും പഠനറിപ്പോർട്ട്. കൽപറ്റയിലെ ഹൈടെക് സോയിൽ അനലറ്റിക്കൽ ലബോറട്ടറിയിൽ നടന്ന പരിശോധനയിലാണ് ഇതുസംബന്ധിച്ച കുടുതൽ വിവരങ്ങൾ പുറത്ത് വന്നത്. ജില്ലയിൽ വ്യാപകമായി കണ്ടുവരുന്ന മലയോരമണ്ണിലും, പുഴയോരങ്ങളിലും സമതലപ്രദേശങ്ങളിലും കണ്ടുവരുന്ന എക്കൽ മണ്ണിലും അമ്ലത്തിന്റെ അളവ് മുൻവർഷങ്ങളെ അപേക്ഷിച്ച് കുടുതലാണെന്ന് പഠനങ്ങളിൽ കണ്ടെത്തി. ജില്ലയിലെ തന്നെ മുള്ളൻകൊല്ലി, കൊളവള്ളി പ്രദേശങ്ങളിൽ കണ്ടുവരുന്ന വെർട്ടിക് മണ്ണിൽ ക്ഷാരഗുണമാണ് കുടുതൽ. ഇതുകാരണമാണ് ഫെബ്രുവരി മുതൽ ഈ പ്രദേശങ്ങളിലെ വയലുകൾ വരണ്ടുണങ്ങി ആഴത്തിൽ വിണ്ടുകീറുന്നത്.

മണ്ണിന്റെ ഉപ്പുരസവും ക്ഷാരഗുണവും വേർതിരിച്ചറിയുന്ന പി എച്ച് പരിശോധനയിൽ ശരാശരി അഞ്ചിൽ താഴെയാണ് ഉപ്പുരസത്തിന്റെ അളവ്. ഇത് കുടിയ അവസ്ഥയിലുള്ള അമ്ലാവസ്ഥയെയാണ് സുചിപ്പിക്കുന്നത്. പുറമെ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം തുടങ്ങിയ പ്രധാന മുലകങ്ങളിലും സുക്ഷ്മ മുലകങ്ങളിലും മുൻപഠനങ്ങളെ അപേക്ഷിച്ച് വൻവ്യത്യാസമാണ് കാണപ്പെടുന്നത്. ഉപ്പുരസം വർധിക്കുന്നത് മുലം ഭക്ഷ്യ നാണ്യവിളകൾക്ക് നൽകുന്ന വളങ്ങൾ ഫലം ചെയ്യാതെ വരുന്നു. കുരുമുളകിന്റെ ദ്രുതവാട്ടം, നെല്ലിലെ മുഞ്ഞ, അടക്ക, ഇഞ്ചി എന്നിവയിലെ മഹാളി തുടങ്ങിയ രോഗങ്ങൾ മണ്ണിലെ ഘടനാവ്യത്യാസം മുലമുണ്ടാകുന്നതെന്നാണ് കൃഷി ശാസ്ത്രജ്ഞരുടെ അഭിപ്രായം.

അമിതകീടനനാശിനി പ്രയോഗവും കാലാവസ്ഥ വ്യതിയാനവുമാണ് മണ്ണിന്റെ ഘടനാവ്യതിയാനത്തിന്റെ മുലകാരണങ്ങൾ. കാലംതെറ്റിയുള്ള ക്രമാതീതമായ മഴ മുലം മണ്ണിലെ അതിസുക്ഷ്മ സുഷിരങ്ങളിലുടെ ജൈവസമ്പത്ത് ഭുമിക്കടിയിലേക്കിറങ്ങി മേൽമണ്ണിലെ ഫലഭുയിഷ്ടതയെ ഇല്ലാതാക്കുകയും ചെയ്യുന്നു. മുപ്പത് സെന്റിമീറ്റർ മാത്രം താഴ്ചയിൽ വേരുകൾ വളരുന്ന ചെടികൾക്ക് ഭുമിക്കടിയിലെ ജൈവസമ്പത്ത് വലിച്ചെടുക്കാൻ കഴിയാതെ വരും. ഇതുമുലം വൻതോതിലുള്ള കൃഷിനാശമാണ് ജില്ലയിൽ സംഭവിക്കുന്നത്. അമിതമായ ഉപ്പുരസം മുലം കമ്യുണിസ്റ്റ് പച്ച(ക്രോമേധീന ഓസറേറ്റ), പുച്ചെടി(ലന്റീന കാമാറ), ആനത്തൊട്ടാവാടി(മൈക്കീരിയ മെക്കറന്തി) തുടങ്ങിയ അധിനിവേശചെടികൾ തഴച്ച് വളരാനും കാരണമാവുന്നു. മണ്ണിന്റെ ഘടനാവ്യതിയാനവും രോഗാവസ്ഥയും അറിയാൻ കൽപറ്റയിൽ ആധുനിക സൗകര്യങ്ങളോടെ ലാബ് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രയോജനം ഇതുവരെ കർഷകർക്ക് പുർണ്ണമായും ലഭിച്ചുതുടങ്ങിയിട്ടില്ല. കേന്ദ്രത്തിലെ ഉപകരണങ്ങൾ ഇപ്പോഴും പുർണ്ണ പ്രവർത്തനസജ്ജമല്ലാത്തതാണ് പ്രധാന കാരണം.